# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1497 03.05.2017- ൽ മറുപടിയ്ക്ക്

**നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ. ഡി.പി.ആർ.ഇ.എം) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. വി.അബ്ദു റഹിമാൻ<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പ്രവാസികൾ അധികമായി മടങ്ങിയെത്താൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ. ഡി.പി.ആർ.ഇ.എം) ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ; | എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. |
| ബി) ഇത്തരം പദ്ധതികൾക്കായി നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ; | ബി) പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ അനുവദിക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |

എന്നീ ബാങ്കുകളുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കാൻ സംവിധാനമുണ്ടോ ; വിശദാംശം നല്കുമോ ?

സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന സേവനങ്ങളാണ് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കുക.
2. പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുക.
3. പ്രോജക്റ്റ് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
4. അപേക്ഷകർക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം നല്കുക.
5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം.

വിജയകരമായി നടത്താവുന്ന ഏകദേശം 25-ഓളം മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്ര പരിശീലന പരിപാടിയാണ് നടത്താനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ